# കാശി ഹരിദ്വാർ തീർത്ഥാടന പാക്കേജ് 201....

## അലഹാബാദ് - കാശി - ഗയ- ബുദ്ധഗയ- ഹരിദ്വാർ- ഋഷികേശ്- ആഗ്ര- മധുര-ഡൽഹി

| യാത്രയുടെ കോഡ് നമ്പർ | യാത്രയ്ക്ക് ആവശ്യമായ ദിവസം | യാത്ര പുറപ്പെടുന്ന തീയ്യതികൾ | യാത്രയുടെ രീതി: |
|---|---|---|---|
| 4 NI A | 15 ദിവസം | | റോഡ് വഴി ശീതീകരിച്ച വാഹനങ്ങളിൽ |

| | | താമസം | ഭക്ഷണം |
|---|---|---|---|
| 1-ാംദിവസം: ശനിയാഴ്ച | കേരളത്തിൽ നിന്നും റെയിൽ വഴി അലഹാബാദിലേക്ക് യാത്ര.(ട്രെയിൽ 16359 ഇ.ആർ.എസ് പാറ്റ്ന എക്സ.) | ട്രെയിനിൽ | NIL |
| 2-ാംദിവസം: | ട്രെയിനിൽ യാത്ര തുടരുന്നു... | ട്രെയിനിൽ | NIL |
| 3-ാംദിവസം: | രാത്രി 2 മണിക്ക് അലഹാബാദിലെത്തിച്ചേരുന്നു. വിമാനത്തിൽ യാത്ര ചെയ്യുന്നവർ എത്തിച്ചേരേണ്ടത് തിങ്കളാഴ്ച്ച അലഹാബാദ് എയർപോർട്ടിലാണ്. | ട്രെയിനിൽ | NIL |
| 4-ാംദിവസം: | ത്രിവേണി(ഗംഗ, യമുന,സരസ്വതി സംഗമ സ്ഥലം), ഗംഗാ സ്നാനത്തിനു ശേഷം പിതൃപൂജകൾ നടത്തി അശോക കോട്ട ബഡാ ഹനുമാൻ ക്ഷേത്രം, ശങ്കരാചാര്യ ക്ഷേത്രം എന്നിവ ദർശിച്ച് ഭക്ഷണ ശേഷം അനന്തഭവൻ, ഭരദ്വാജ ആശ്രമം, അലഹാബാദ് ഹൈക്കോടതി, ഹനുമാൻ ക്ഷേത്രം എന്നിവ ദർശിച്ച് 124 കിലോ മീറ്റർ യാത്ര ചെയ്ത് രാത്രിയിൽ കാശിയിലെത്തി താമസം. | ഫ്രഷ് അപ്പ് അലഹാബാദ് രാത്രി കാശിയിൽ | BLD |
| 5-ാംദിവസം: | കാലത്ത് മണികർണികാ മഹാശ്മശാനത്തിലെത്തി ഗംഗാ സ്നാനം നടത്തി പിതൃ മോക്ഷ കർമ്മങ്ങൾ നടത്തി കാശി വിശ്വനാഥ ക്ഷേത്രവും, അന്ന പൂർണേശ്വരി ക്ഷേത്രവും ദർശിച്ച് ഉച്ച ഭക്ഷണ ശേഷം കാശിയിലെ കാഴ്ച്ചകളായ: കാശി മഹാരാജാ പാലസ്, (വ്യാസകാശി) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, ബിർലാ ക്ഷേത്രം, സങ്കടമോചന ഹനുമാൻക്ഷേത്രം, തുളസീ മാനസ മന്ദിരം ദുർഗ്ഗ ക്ഷേത്രം എന്നിവ ദർശിച്ച് വൈകുന്നേരം ബുദ്ധഗയയിലേക്ക് യാത്ര.രാത്രിയിൽ ബുദ്ധഗയയിൽ ഹോട്ടലിൽ താമസം. | ബുദ്ധഗയ | BLD |
| 6-ാംദിവസം: | ഗയ വിഷ്ണു പാദക്ഷേത്രത്തിൽ പിതൃ കർമ്മങ്ങൾ നടത്തി ഗയയിലെ ജപ്പാൻ തായ്‌ലാൻഡ് തിബത്ത് ബൂട്ടാൻ തുടങ്ങിയ രാജ്യങ്ങളാൽ നിർമ്മിക്കപ്പെട്ട ബുദ്ധക്ഷേത്രങ്ങളും, ബോധി വൃക്ഷം സ്ഥിതി ചെയ്യുന്ന പ്രധാന ബുദ്ധക്ഷേത്രവും ദർശിച്ച് രാത്രിയിൽ ബുദ്ധഗയയിൽ താമസം. പേജ് തുടരും. | ബുദ്ധഗയ | BLD |

| | | | |
|---|---|---|---|
| 7-ാംദിവസം: | ഉച്ചക്ക് 1 മണിക്ക് ഗയ റെയിൽവേസ്റ്റേഷനിൽ നിന്നും ഡൽഹിയിലേക്ക് മഹാബോധി എക്സ്പ്രസ് ട്രെയിൻ നമ്പർ11397 14.20 ന് യാത്ര. | ട്രെയിനിൽ | BL |
| 8-ാംദിവസം: | ഡൽഹി റെയിൽവേസ്റ്റേഷനിൽ നിന്നും കാലത്ത് പിക്കപ്പ് ചെയ്ത് പ്രാഥമിക കൃത്യങ്ങൾക്കായി ഹോട്ടൽ റൂമിലെത്തി പ്രഭാത കൃത്യങ്ങൾക്ക് ശേഷം ഹരിദ്വാറിലേക്ക് യാത്ര.(എളിയ തോതിലുള്ള എ.സി സൗകര്യമില്ലാത്ത ഫ്രഷ് അപ്പ് സൗകര്യമായിരിക്കും ഒരുക്കുക.)രാത്രിയിൽ ഹരിദ്വാറിലെത്തി ഹോട്ടലിൽ താമസം( ശീതീകരിച്ച മുറികൾ). | ഹരിദ്വാർ | BLD |
| 9-ാംദിവസം: | ഹരിദ്വാറിലെ മാനസ ദേവി ക്ഷേത്രം, ഭൂമികാ നികേതൻ, വൈഷ്ണവി ദേവി ക്ഷേത്രം, ഭാരത് മാതാ ക്ഷേത്രം, സപ്ത ഋഷി ആശ്രമം, ശാന്തികുഞ്ച് എന്നിവ ദർശിച്ച് രാത്രിയിൽ ഹരിദ്വാറിൽ ശീതീകരിച്ച മുറിയിൽ താമസം. | ഹരിദ്വാർ | BLD |
| 10-ാം ദിവസം: | കാലത്ത് ഡൽഹിയിലേക്ക് യാത്ര. അക്ഷർദാം ദർശനത്തിന് ശേഷം രാത്രിയിൽ ഡൽഹിയിൽ താമസം. | ഡൽഹി | BLD |
| 11-ാം ദിവസം: | അതികാലത്ത് ആഗ്രയിലേക്ക് റോഡ് മാർഗ്ഗം യാത്ര. ആഗ്രയിലെത്തി താജ്മഹൽ, ആഗ്ര കോട്ട , സിക്കന്ദ്ര, മഥുരയിലെ ശ്രീ കൃഷ്ണ ജന്മഭൂമി ക്ഷേത്രം എന്നിവ ദർശിച്ച് രാത്രിയിൽ ഡൽഹിയിലെ ഹോട്ടലിൽ താമസം. | ഡൽഹി | BLD |
| 12-ാം ദിവസം: | ഡൽഹിയിലെ കാഴ്ച്ചകൾ കാണാം: കുത്തബ് മിനാർ, താമരക്ഷേത്രം, തീൻമൂർത്തി ഭവൻ, ഇന്ദിരാഗാന്ധി മ്യൂസിയം, രാജ്ഘട്ട്, ശക്തിസ്ഥല, വീർഭൂമി, ശാന്തിവനം, ചെങ്കോട്ട എന്നിവ ദർശിച്ച് ഷോപ്പിംഗിനു ശേഷം രാത്രിയിൽ ഡൽഹി ഹോട്ടലിൽ താമസം. | ഡൽഹി | BLD |
| 13-ാം ദിവസം: | മടക്കയാത്രക്കായി ഡൽഹി റെയിൽവേസ്റ്റേഷനിൽ കൊണ്ടുപോകും( എയർപോർട്ട് ഡൽഹി) വിമാനത്തിൽ യാത്ര ചെയ്യുന്ന യാത്രികർ അന്നേ ദിവസം തന്നെ കേരളത്തിൽ എത്തിച്ചേരുന്നു. | ട്രെയിനിൽ | B |
| 14-ാം ദിവസം: | ട്രെയിനിൽ യാത്ര തുടരുന്നു... | ട്രെയിനിൽ | NIL |
| 15-ാം ദിവസം: | കേരളത്തിൽ തിരിച്ചെത്തുന്നു. | NIL | NIL |

***B: പ്രഭാത ഭക്ഷണം., L: ഉച്ച ഭക്ഷണം. D: രാത്രി ഭക്ഷണം.**

**ഓപ്ഷൻ നമ്പർ 1: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 17500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ശീതീകരിച്ച മുറിയിൽ ടോയ്ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം 2 പേർക്ക് 1 മുറി എന്ന തോതിൽ. വെജിറ്റേറിയൽ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

## ഓപ്ഷൻ നമ്പർ 2: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 15000/-

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

## ഓപ്ഷൻ നമ്പർ 3: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 13000/-

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത ഡോർമെറ്ററി ഹാൾ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ബുക്കിംഗ്:** യാത്രാ നിരക്കിന്റെ 25 % തുക മുൻകൂറായി അടച്ച് യാത്ര മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ബാക്കി തുക യാത്ര പുറപ്പെടുന്നതിന് 15 ദിവസം മുമ്പ് അടച്ച് രസീതി വാങ്ങേണ്ടതാണ്. റെയിൽവേ ടിക്കറ്റുകൾ യാത്ര പുറപ്പെടുന്നതിന് 120 ദിവസം മുമ്പ് ബുക്ക് ചെയ്താലേ ലഭ്യമാകുകയുള്ളു. 6 മാസം മുമ്പ് ബുക്ക് ചെയ്യുന്ന വിമാന ടിക്കറ്റുകൾ നിരക്ക് കുറവായി ലഭ്യമാകുന്നതായിരിക്കും.

**യാത്ര റദ്ദാക്കൽ:** യാത്ര തുടങ്ങുന്നതിന് 30 ദിവസം മുമ്പുള്ള റദ്ദാക്കലിന് അഡ്വാൻസ് തുകയുടെ 50 % കഴിച്ച് ബാക്കി തിരിച്ചു ലഭിക്കുന്നതായിരിക്കും. അതിനു ശേഷമുള്ള റദ്ദാക്കലിന് യാതൊരു വിധ റിഫണ്ടും ലഭിക്കുന്നതല്ല.

* യാത്രികർ അവരവരുടെ ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ കാർഡുകൾ യാത്രാസമയത്ത് കൈവശം വെക്കേണ്ടതാണ്.

* റോഡ് തടസം, മാർഗ്ഗങ്ങൾ തിരിച്ചുവിടൽ, ട്രെയിൻ- വിമാനം തുടങ്ങിയവയുടെ താമസിച്ചുള്ള വരവ് , സമരങ്ങൾ പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ കാരണങ്ങളാൽ യാത്രക്ക് തടസങ്ങൾ നേരിടുകയാണെങ്കിൽ യാത്രക്കായി അടച്ച തുക തിരിച്ചു ലഭിക്കുകയില്ല.

* കമ്പനി ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**Our Account Details:**

PAYEE NAME: VIVEKANANDA TRAVELS PLTD
BANK NAME : ICICI BANK
A/C NO : 075505000205
BRANCH : GURUVAYOOR , WEST NADA
IFC CODE :ICIC 0000755
SWIFT CODE: ICICINBBXXX

## അലഹബാദ്  അഥവാ പ്രയാഗ്

മഹത് പുരുഷൻമാരുടെ ജന്മസ്ഥലങ്ങൾ,  ഋഷീശ്വരൻമാരുടെ  പാദസപർശമേറ്റ ഇടങ്ങൾ നദികളുടെ  ഉത്ഭവസ്ഥാനങ്ങൾ സംഗമസ്ഥാനങ്ങൾ തുടങ്ങിയവയാണ് തീർത്ഥാടനകേന്ദ്രങ്ങളായി മാറുന്നത്  , തീർത്ഥം എന്ന വാക്ക് തന്റെ ജലത്തെ സൂചിപ്പിക്കുന്നു. പ്രപഞ്ചാധാരം  തന്നെ ജലത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന ഉന്നതമായ കാഴ്ചപാടാണ്  അതിനുപിന്നിൽ .

ഭാരതഖണ്ഡത്തിലെ പ്രധാന തീർത്ഥാടന സ്ഥലികളിലൊന്നാണ്  അലഹബാദ് , ബ്രിട്ടീഷ് ഭരണകാലത്ത് അലഹബാദെന്നും മുഗൾ സാമ്രാജ്യ കാലത്ത്  ഇലാഹീബാദെന്നും  വിളിച്ചിരുന്ന ഈ ദേശം സനാതന ഭാരതത്തിൽ പ്രയാഗ് എന്ന അലഹബാദ്  ,കാശി, ഗയ,തുടങ്ങിയവയാണ്  ത്രസ്ഥലികളിലെ മറ്റിടങ്ങൾ.

മഹാ കുംഭമേളക്ക്  സാക്ഷ്യം വഹിക്കുന്ന പുണ്യഭൂമിയാണ് അലഹബാദ്  . ഗംഗയും  , യമുനയും സരസ്വതിയും  സംഗമിക്കുന്ന ത്രിവേണി സംഗമ പ്രയാഗിനെ  പ്രസിദ്ധമാക്കുന്നു  സഞ്ചാരവഴിയിലെവിടെയോ അന്തർധാനം  ചെയ്ത സരസ്വതി  നദി  ഭൂമിക്കടിയിലൂടെ രക്തവർണ്ണത്തിൽ അലഹബാദിലാണ് പ്രത്യക്ഷമാവുക .ഗംഗയിലെ മാലേയസദൃശ്യമായ ജലവും യമുനയിലെ നീല ജലവും സരസ്വതിയിലെ രക്തവർണ്ണമാർന്ന ജലവും  ഇവിടെ വച്ച് കൂടിചേർന്ന് കാശിവിശ്വനാഥ പാദങ്ങളിലേക്കാഴുക്കുന്നു.ഇവിടെ ബലികർമ്മങ്ങളനുഷ്ടിക്കന്നത്  പിതൃ മോക്ഷദായകമാണ്.

സപതർഷികളിലൊരാളായ ഭരധ്വാജ ഋഷിയുടെ ആശ്രമം ഇവിടെയാണ്. ഏറ്റവും  കൂടുതൽ കാലം ജീവിച്ച ഋഷിയാണ് ഭരധ്വാജമഹർഷി.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ  ഗതിവിഗതികൾ നിയന്ത്രിച്ച സ്ഥലം കൂടിയാണ് അലഹബാദ്. മഹാത്മാഗാന്ധി ഒരുപാട് തവണ അലഹബാദ്  സന്ദർശിച്ചിട്ടുണ്ട് . ജവഹരിലാൽ നെഹ്റുവിന്റെ പിതാവ്  മോത്തിലാൽ നെഹ്റു നിർമ്മിച്ച ആനന്ദഭവൻ ഇവിടെയാണ്, ആനന്ദഭവനിലാണ് ഭാരതത്തിന്റെ  പ്രഥമപ്രധാനമന്ത്രി ജവഹർലാൽ ജനിച്ചതും , ശ്രീമതി ഇന്ദിരാഗാന്ധി വിവാഹിതയായതും. ആനന്ദഭവനിലെ മ്യൂസിയം ചരിത്രത്തിലേക്കുള്ള പ്രയാണം കൂടിയാണ്.

ഭാരതത്തിലെ പ്രധാന പല വിധികളും  പുറപ്പെടുവിച്ചത് അലഹബാദ്  ഹൈകോടതിയാണ്.  ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ജ്വലിക്കുന്ന ഇതിഹാസം  ചന്ദ്രശേഖർ ആസാദിന്റെ  സമൃതി മണ്ഡപം ഇവിടെയാണ്

പ്രിയ യാത്രികാ.. അലഹബാദെന്ന പ്രയാഗ്,നിങ്ങളിൽ തീർത്ഥാടനത്തിന്റെ സുഖാനുഭൂതിയും ,ദേശസ്നേഹത്തിന്റെ  തീവ്രാനുഭൂതിയും ഒരുപോലെ നിറക്കും

## കാശി .....

പുരാതനമായ എടുപ്പുകളും പഴമമണക്കുന്ന ഇടനാഴികളുമുള്ള കാശി!! സപ്തനഗരങ്ങളിലൊന്നായ കാശിശൈവ ചൈതന്യം തുടിക്കുന്ന പുണ്യസ്ഥലിയാണ്. മോക്ഷദായക നഗരമായ കാശിയിൽ വച്ച് ഭൗതിക ദേഹം വെടിയുന്നവർക്ക് സ്വർലോകം എന്നും പ്രാപ്യമാണ്. സർവ്വ പാപഹാരിയായ ഗംഗാ തീരത്താണ് ഭഗവാൻ വിശ്വനാഥൻ സർവ്വ ചൈതന്യത്തോടും കൂടി കുടികൊള്ളുന്ന കാശി വിശ്വനാഥക്ഷേത്രം. വരുണ എന്ന നദിയും അസി എന്ന നദിയും കാശിയിൽ വച്ചാണ് ഗംഗയോട് ചേരുന്നത്.  അങ്ങനെയാണ് ഈ പുണ്യനഗരത്തിന് വാരാണസി എന്ന പേര് സിദ്ധിച്ചത് എന്ന് സ്ഥലനാമചരിതം. കാശാ എന്ന ശിവഭക്തന്മാരായ ആദിമ നിവാസികൾ ഇവിടെ വസിച്ചിരുന്നു എന്നും  കാശകൾ വസിച്ചിരുന്ന ഇടമായത് കൊണ്ട് ഈ ഇടത്തിന് കാശി എന്ന പേർ ലഭിച്ചു എന്നും ചില ഗവേഷകർ അഭിപ്രായപ്പെടുന്നുണ്ട്.

സ്ഥലനാമ ചരിതങ്ങൾ എന്തുതന്നെയായാലും കാശി ഒരനുഭവമാണ് ! അല്ല അതിനപ്പുറം ഒരനുഭൂതിയാണ്.  ഗംഗയിലെ കല്ലോലങ്ങൾ വിടർന്ന മിഴിയോടെ കണ്ടുകൊണ്ടിരിക്കുമ്പോൾ,ജയ് ഗംഗാമാ വിളികൾ മന്ത്രശ്രുതിയിൽ കാതുകളിൽ വന്നലയ്ക്കുമ്പോൾ,ധൂപങ്ങളുടെ പരിമളം നാസാരന്ധ്രങ്ങളെ ഒരു പൂക്കാല സുഗന്ധത്തിലേക്ക് നയിക്കുമ്പോൾ,തണുത്ത കാറ്റ് പതിയെ നമ്മെ തൊട്ടുവിളിക്കുമ്പോൾ,നാമറിയാതെ ഏതോ അലൗകികമായ ആത്മശാന്തിയുടെ കയങ്ങളിലേക്ക് എത്തിപ്പെടുന്നു,

കാശിയുടെ പരിസരങ്ങളിലുള്ള ശ്മശാനങ്ങളിൽ ഭൗതിക ദേഹം അഗ്നിക്ക് സമർപ്പിക്കുന്നത് മഹാ പുണ്യമത്രേ.  സത്യത്തിന്റെ ആൾ രൂപമായിരുന്ന രാജാഹരിശ്ചന്ദ്രൻ ചുടല കാവൽ ക്കാരനായി ഗംഗാ തീരത്തെ ഒരു ശ്മശാനത്തിൽ ജോലി ചെയ്തിട്ടുണ്ട്.  ഇന്നത് ഹരിശ്ചന്ദ്രഘട്ട് എന്ന് അറിയപ്പെടുന്നു.  കാശിയുടെ പരിസരത്തായി 64 സ്നാന ഘട്ടുകളുണ്ട് - മഹാശ്മശാനമെന്നറിയപ്പെടുന്ന മണികർണ്ണികാ ഘട്ടും ബ്രഹ്മാവ് പത്ത് അശ്വങ്ങളെ ബലി കർമ്മം നടത്തിയ ദശാശ്വമേധ ഘട്ടും ഇവിടെയാണ്.  ദശ അശ്വ മേധ ഘട്ടാണ് ദശാശ്വമേധ ഘട്ടായി പരിണമിച്ചത്. ഉത്തർപ്രദേശ് സംസ്ഥാനത്തെ ഈ പുണ്യനഗരം ഭാരതത്തിലെ ഏറ്റവും പുരാതനമായ നഗരങ്ങളിലൊന്നാണ്.  ഋക് വേദത്തിൽ കാശീ നഗരത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്.

കാശി വിശ്വനാഥക്ഷേത്രത്തിനു സമീപമുള്ള കിണറാണ് ജ്ഞാനവ്യാപി ,ഇതിനുള്ളിലാണത്രേ യഥാർത്ഥ ശിവലിംഗം കുടികൊള്ളുന്നത്.

വാക്കുകൾക്ക് അപ്രാപ്യമായ ചില കാര്യങ്ങളുണ്ട് അക്ഷരങ്ങളുടെ വിവരണ പരിമിതിയിൽ ഒതുങ്ങാത്തവ, അനുഭവിച്ച് തന്നെ അറിയേണ്ട ചില അനുഭൂതികൾ, അതിലൊന്നാണ് കാശി !!

പ്രിയപ്പെട്ട യാത്രികരെ,ജ്ഞാന തൃഷ്ണയോടെ വരിക, കാശിയിലേക്ക്,അറിയുക, അനുഭവിക്കുക, സഹസ്രജിഹ്വനായ അനന്തനുപോലും വിവരിച്ച് തരുവാനാകാത്ത ആ അഭൗമാനുഭവത്തെ, സച്ചിതാനന്ദത്തെ.

## ഗയ , ബുദ്ധഗയ  ( ബീഹാർ)

വളരെ  മുൻപ്  .. കൃത്യമായി പറഞ്ഞാൽ ക്രിസ്തുവിനും അഞ്ച് നൂറ്റാണ്ട് മുൻപ് ശുദ്ദോധന മഹാരാജാവിന്റെ  പുത്രൻ  നക്ഷത്രാംഗിതമായ ഒരു രാത്രിയിൽ കൊട്ടാരത്തിലെ  ഹംസതൂലികാശയ്യയും സുഖഭോഗങ്ങളും വിട്ട് ഇറങ്ങിപ്പോയി,  പാദുക രഹിതനായ ആ രാജകുമാരൻ മനുഷ്യജീവിത ദു:ഖ ഹേതു അന്വേഷിച്ച്  ഒരു പാടലഞ്ഞു .ഒടുവിൽ ഇന്നത്തെ ബീഹാർ എന്ന അന്നത്തെ പാടലീപുത്രത്തിലെ ഗയ  എന്ന

കൊച്ചു ഗ്രാമത്തിലെ ആൽച്ചുവട്ടിൽ ധ്യാനിച്ചിരിക്കെ സിദ്ധാർത്ഥകുമാരന്റെ സഹസ്രാരപത്മത്തിൽ അതിബോധത്തിന്റെ ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചു.

അങ്ങനെ അതുവരെ സിദ്ധാത്ഥനായിരുന്ന ആ യുവ ആത്മാന്വേഷി ആ ആൽച്ചുവട്ടിൽ വച്ച് ലോകാരാധ്യനായ ബുദ്ധനായി ,ഗൗതമ ബുദ്ധൻ . ബുദ്ധന് ബോധോദയമുണ്ടായ ആൽമരം ബോധഗയ എന്ന ബുദ്ധഗയയിൽ ഇപ്പോഴുമുണ്ട് . ലോകത്തിന്റെ വിവധ ഇടങ്ങളിൽ മഹാബോധി വൃക്ഷത്തിന്റെ തൈകൾ ഭക്തിപൂർവ്വം പരിപാലിക്കപ്പെടുന്നുണ്ട് .ജപ്പാൻ-ചൈന-തിബത്ത്-തായ്ലണ്ട്- മുതലായ രാജ്യങ്ങൾ നിർമ്മിച്ച ബുദ്ധസ്മൃതി ക്ഷേത്രങ്ങളും,ബുദ്ധദേവന്റെ കൂറ്റൻ ശില്പവുമൊക്കയാണ് ബുദ്ധഗയയിലെ പ്രധാന ആകർഷനണം, ശരണത്രയങ്ങൾ മുഴങ്ങി കേട്ടിരുന്ന ഈ തെരുവുകളിൽ കൂടി നടക്കുമ്പോൾ നമ്മിലുദയം ചെയ്യുക ശാന്തിയാണ്, അഭൗമമായ ശാന്തി.

ബുദ്ധഗയയിൽ നിന്നും പതിനഞ്ച് കിലോമീറ്റർ അകലെയാണ് ശ്രാദ്ധകർമ്മങ്ങൾക്ക് പേര് കേട്ട ഗയ എന്ന കൊച്ചു ഗ്രാമം . പിതൃകർമ്മങ്ങൾക്ക് പേരുകേട്ട വിഷ്ണുപാദക്ഷേത്രം ഗയയിലാണ് ജല ശൂന്യമായ ഫൽഗുനി നദിക്കരയിലാണ് ക്ഷേത്രം.

ത്രേതായുഗത്തിൽ ശ്രീരാമചന്ദ്രനോടൊപ്പം ഇവിടെയെത്തിയ സീതാദേവി അന്ന് നിറഞ്ഞൊഴുകിയിരുന്ന ഫൽഗുനി നദിക്കരയിൽ തന്റെ പിതാവിനായി ബലികർമ്മം അനുഷ്ടിച്ചു ,അരിയും എള്ളും പൂവും ചേർത്തുരുട്ടിയ പിണ്ഡം സമർപ്പിച്ച് മിഴിയടച്ച് പ്രാർത്ഥിച്ച സീതാദേവി കൺതുറന്നു നോക്കിയപ്പോൾ താൻ പിതൃമോക്ഷത്തിന് സമർപ്പിച്ച പിണ്ഡം അപ്രത്യക്ഷമായിരുന്നു. വെള്ളി ചിലമ്പിട്ട് തുള്ളിയോടുന്ന ഫാൽഗുനി നദിയുടെ കുസൃതിയാണിതെന്ന് തിരിച്ചറിഞ്ഞ വൈദേഹിയുടെ ശാപകാരണമാണ് ഫാൽഗുനി നദി വറ്റിയത് എന്നാണ് വിശ്വാസം .

ഗയാസുരനെ മഹാവിഷ്ണു പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തിയ ഇടം കൂടിയാണ് ഗയ. ഗയാസുരന്റെ വംശാവലി ഇപ്പോഴും ഗയയിലുണ്ട് അവരാണ് ശ്രാദ്ധകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുക, ശ്രാദ്ധാനന്തരം ഒരിലയും ഒരു പഴവും ഒരു പുഷ്പവും അവിടെ ഭക്തർ ഉപേക്ഷിക്കുന്നു മനുഷ്യ തമോഗുണങ്ങളായ കാമ ക്രോധ മോക്ഷങ്ങൾ പ്രതീകാത്മതമായി ഉപേക്ഷിക്കുകയാണ് ആ ചടങ്ങ്... വരിക... ഇനിയും കാഴ്ചകൾ കാണാനുണ്ട് ....

## ഹരിദ്വാർ അഥവാ സ്വർഗ്ഗവാതിൽ

ദേവഭൂമിയിലേക്കുള്ള കവാടമാണ് ഹരിദ്വാർ. ദില്ലിയിൽ നിന്നും എൻ.എച്ച്. 58 വഴി 211 കിലോമീറ്റർ അകലെയാണ് 'പണ്ടുയുഗങ്ങളെ നിർമ്മിച്ചുയർത്തുവാൻ ഇന്ത്യ പശിമണ്ണെടുത്ത പാർശ്വങ്ങളിലേക്ക് തുറക്കുന്ന ഹരിദ്വാറെന്ന കവാടത്തിലേക്കുള്ള ദൂരം, ഹിമാലയ സാനുക്കളിലുള്ള യമുനോദ്രി, ഗംഗോത്രി, ശ്രീ കേദാർനാഥ്, ശ്രീ ബദരീനാഥ് യാത്ര പോകും മുമ്പ് തീർത്ഥാടകർ ഹരിദ്വാറിലെ ഹർ-കി- പൗരിയിലെ ഭാഗീരഥിയിലൊന്നു മുങ്ങി നിവരുന്നു. ഹരിദ്വാറിലെ ഗംഗാ സ്നാനത്തിന്റെ സുഖ വിശുദ്ധി അക്ഷര പരിധികൾക്ക് അപ്രാപ്യമാണ്. ആ ദിവ്യാനുഭൂതി വിവരിച്ചു തരുവാൻ മഹാകവി കാളിദാസനുപോലും കഴിയാതിടത്ത് ഞങ്ങളും നിസഹായരാണ്.

ശൈവാലിക പർവ്വതത്തിന്റെ അടിവാരത്തിൽ ഭഗീരഥ പ്രയത്നത്താൽ മണ്ണിലൊഴുകിയ ഗംഗാ നദിക്കരയിലാണ് ഹരിദ്വാർ. മായാപുരി, ഗംഗാദ്വാർ എന്നും ഹരിദ്വാറിന് പേരുകളുണ്ട്, കപിൽസ്ഥാൻ എന്ന് മറ്റൊരു പേരുകൂടിയുണ്ട്, ഈ ശൈവ വൈഷ്ണവ ചൈതന്യം നിറഞ്ഞ ഇടത്തിന് പണ്ട് കപിലമുനി തപസ് ചെയ്ത സ്ഥലമായതുകൊണ്ടാണ് കപിൽസ്ഥാൻ എന്ന് ഹരിദ്വാറിന് നാമം സിദ്ധിച്ചത്.

വിവരാണാതീതമായ ആത്മീയ ദീപ്തിയാണ് ഹരിദ്വാറിന്. പാണ്ഡവരിൽ ഏറ്റവും ശക്തനായ ഭീമസേനൻ കാൽമുട്ട് കൊണ്ടിടിച്ച് ജലം പ്രത്യക്ഷമാക്കിയ ഭീംഗോഡകുണ്ഠം സപ്തർഷി ആശ്രമവും ഗംഗ ഏഴുകൈവരിയായി പിരിഞ്ഞ സപ്തസരോവരുമെല്ലാം നമ്മെ മറ്റൊരു ലോകത്തിലേക്കെത്തിക്കുന്നു. പ്രശസ്തമായ പൂർണ്ണ കുംഭമേളക്ക് സാക്ഷ്യം വഹിക്കുന്ന പുണ്യപ്രദേശം കൂടിയാണ് ഹരിദ്വാർ.സപ്ത ഋഷി നക്ഷത്രങ്ങൾ ഇവിടെ നിന്നും ആകാശത്തിൽ വ്യക്തമായി കാണാവുന്നതാണ്

ഞാൻ എന്ന ബോധത്തിൽ നിന്നും മുക്തരായ ഒരുപാട് സന്യാസിമാർ ഹരിദ്വാറിലും പരിസരങ്ങളിലും വസിക്കുന്നുണ്ട്. ആത്മീയാന്വേഷികളായ ആ യോഗി വര്യന്മാരുടെ ദർശനം പോലും നമ്മുടെ യാത്രയെ പവിത്രീകരിക്കുന്നു.
ഹരിദ്വാറിൽ നിന്നും ആറുകിലോമീറ്റർ അകലെ നീൽ പർവ്വതത്തിലാണ് ചന്ദ്യദേവീക്ഷേത്രം റോപ്‌വേയിലൂടെയുള്ള അവിസ്മരണീയ യാത്ര നിങ്ങളെ അവിടെ കാത്തിരിക്കുന്നു.

ചണ്ടീ ദേവീക്ഷേത്രത്തിനടുത്താണ് അഞ്ജലീ ദേവീ ക്ഷേത്രം. റയിൽവെ സ്റ്റേഷനിൽ നിന്ന് അര കിലോമീറ്റർ അകലെയുള്ള ത്രിശിരസുള്ള ദുർഗ്ഗാഭഗവതിയെ പ്രതിഷ്ഠിച്ച മാനസാദേവീക്ഷേത്രവും ആറുനിലകളുള്ള ഭാരത് മാതാ ക്ഷേത്രവും ഹരിദ്വാറിൽ ഭക്തി പൂർണ്ണമായ കാഴ്ചകളുടെ പൂക്കാലം സഞ്ചാരിക്ക് സമ്മാനിക്കുന്നു.
ഗാവ്ഘട്ട്, സുഭാഷ് ഘട്ട്, രാം ഘട്ട്, ഗണേഷ് ഘട്ട് മഹാവിഷ്ണു തപം ചെയ്ത വിഷ്ണു ഘട്ട് മുതലായ സ്നാന ഘട്ടുകളും ഹരിദ്വാറിലുണ്ട്. വിവിധ തരത്തിലുള്ള രുദ്രാക്ഷങ്ങൾ ഹരിദ്വാറിൽ ലഭ്യമാണ്. പ്രിയ തീർത്ഥാടകരെ ഹരിദ്വാറിനോട് യാത്ര പറയുമ്പോൾ നിങ്ങളുടെ ആത്മാവും അണിഞ്ഞിരിക്കും ഭക്തി നിർവൃതിയും ഒരു രുദ്രാക്ഷമാല......

## ഹൃഷികേശ്

ഒരു വശത്ത് ഗംഗാനദിയും മൂന്നു വശത്ത് മനോഹരമായ മലനിരകളും ചേർത്ത് പ്രകൃതീദേവി നിർമ്മിച്ച പ്രോജ്വല ശില്പം പോലെ ഹൃഷികേശ്. നമ്മുടെ കണ്ണുകൾ ഒന്നു ചിമ്മാൻ പോലും തോന്നാത്ത അഭൗമ സൗന്ദര്യ ലഹരിയാണ് ഹൃഷികേശം.

ഗംഗാതീരത്തുള്ള ഈ സുന്ദരദേശത്തിലെത്താൻ ഹരിദ്വാറിൽ നിന്നും ഇരുപത്തി അഞ്ച് കിലോമീറ്ററും ഡൽഹിയിൽ നിന്ന് 232 കിലോമീറ്ററും സഞ്ചരിച്ചാൽ മതിയാവും .ഋഷീശ്വരന്മാരുടെ സിരകേന്ദ്രമായ ഹൃഷികേശിനെ എല്ലാം ജഗത് പിതാവിലർപ്പിച്ച് മറ്റുള്ളവർക്ക് നന്മവരുവാൻ സ്വന്തം ഐഹിക സുഖങ്ങളുപേക്ഷിച്ച് തപം ചെയ്യുന്ന ഋഷിവര്യന്മാരുടെ സാന്നിദ്ധ്യം കൂടുതൽ പവിത്രമാക്കുന്നു. ഹിമാവാന്റെ കല്പാദത്തിൽ സ്ഥിതിചെയ്യുന്ന ഈ പുണ്യപ്രദേശം കാണാതെ ഒരു തീർത്ഥാടക ജന്മം സഫലമാവുകയെങ്ങനെ?

ശ്രീരാമചന്ദ്രനോടും അനുജൻ ലക്ഷ്മണനോടും ഏറെ ബന്ധപ്പെട്ട പ്രദേശമാണിതെന്ന് സമീപപ്രദേശങ്ങളായ രാംജ്ജൂല ,ലക്ഷ്മൺജ്ജൂലഎന്നിവ സാക്ഷ്യപ്പെടുത്തുന്നു. ശ്രീരാമന്നവകാശമായ രാജ്യം സ്വീകരിക്കേണ്ടി വന്നതിൽ മനംനൊന്ത് ഭരതൻ തപം ചെയ്തത് ഹൃഷികേശിലാണ്. ഇവിടത്തെ ഭരതക്ഷേത്രത്തിൽ തൊഴുതുനിൽക്കുമ്പോൾ നിസ്സഹായനായ ഒരനുജന്റെ നൊമ്പരത്തിന്റെ ആഴം നമ്മളറിയുന്നു. ഭരതക്ഷേത്രത്തിനു പുറമെ ലക്ഷ്മണനും ശത്രുഘ്നനും ഇവിടെ ക്ഷേത്രങ്ങളുണ്ട്, ശ്രീരാമ സ്നാനത്താൽ പവിത്രമായ ഋഷികുണ്ഡവവും മറ്റെങ്ങുമല്ല. ഭൈരവ ക്ഷേത്രം, വീരഭദ്ര ക്ഷേത്രം, പതാളേശ്വര ക്ഷേത്രം, സോമേശ്വര ക്ഷേത്രം, കാളീ ക്ഷേത്രം, ചിത്രഗുപ്ത ക്ഷേത്രം, മഹേശാനി ഭുവനേശ്വര ക്ഷേത്രം, മുതലായ പുണ്യാലയങ്ങളും ഹൃഷികേശെന്ന ദേവഭൂമിയിലുണ്ട്. ലക്ഷ്മണൻ ജ്ജൂലയിൽ നിന്നുള്ള ഹൃഷികേശിന്റെ ഒരു കാഴ്ചമതി ജീവിതാവസാനം വരെ നമുക്ക് ഒരു ഹിമകാറ്റിന്റെ കുളിരുപോലെ ഓർത്തുവെക്കാൻ.

## ആഗ്ര

കണ്ണന്റെ പ്രിയപ്പെട്ട യമുനാ നദിയുടെ കരയിലെ ഗോപികയെപ്പോലെ സുന്ദരിയായ നഗരം....
അതോ...
കവിളിൽ ചുവപ്പും കയ്യിൽ മൈലാഞ്ചിയഴകും നിറഞ്ഞ മുഗൾ സുന്ദരിയെപ്പോലെയോ?
ആരെ പോലെയായാലും ആഗ്ര സുന്ദരിയാണ്....
ആഗ്രയിലുറങ്ങുന്നത് ചരിത്രമാണ്, പക മൂത്ത പടയോട്ടത്തിൽ പാണ്ടൻ കുതിരപ്പുറത്ത് ആയുധമൊരുക്കി കാത്തുനിന്നവരുടെ ചരിത്രം, ആജ്ഞകളും ആരവങ്ങളും ഒരു നിശ്വാസത്തിന് വഴിമാറവേ നിസ്സഹായരായവരുടെ ഗുപ്ത ചരിത്രം, അകലെ കാണുന്ന പ്രിയതമയുടെ ശവകുടീരം നോക്കി ഇങ്ങ് തടവിൽ ഒടുങ്ങിയ പിതാവിന്റെ ചരിത്രം...
കൂടപ്പിപ്പുകൾ പരസ്പരം അടരാടുന്നത് കണ്ട് വിതുമ്പലടക്കിയ നിസ്വയായ ജഹനാരയുടെ അശ്രു ചരിത്രം...
ആഗ്ര.....
ആഗ്രയൊരു ചരിത്രമാണ്, അതുകൊണ്ട് തന്നെ മിഴിയും മനസും തുറന്നുവെക്കുക.
പ്രിയ യാത്രികരേ.....
നമ്മൾ പ്രവേശിക്കുകയാണ്....
ചരിത്രത്തിലേക്ക്......

## താജ്മഹൽ

കാലത്തിന്റെ കവിളിലെ ഒരു കണ്ണീർ തുള്ളിയാണ് താജ്മഹൽ...
മഹാനായ ഷാജഹാൻ ചക്രവർത്തിക്ക് തന്റെ പ്രിയ പത്നി മുംതാസ് മഹലിനോടുണ്ടായിരുന്ന തീവ്രാനുരാഗത്തിന്റെ നശിക്കാത്ത സാക്ഷ്യപത്രം.
യമുനാ തീരത്തെ താജ്മഹൽ എന്ന വെണ്ണക്കൽ സൗധത്തിനരികെ നിൽക്കുമ്പോൾ നമ്മളറിയാതെ പ്രണയാർദ്രരാകുന്നുവോ?
ഇരുപതിനായിരം ജോലിക്കാർ നീണ്ട പതിനാറ് വർഷം ഇടതടവില്ലാതെ ജോലി ചെയ്താണ് ലോകാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ പണിതുയർത്തിയത്.
യമുനാ നദിയുടെ കരയിൽ പതിനഞ്ചടി ഉയരത്തിൽ 156 അടി നീളവും അത്രതന്നെ വീതിയുമുള്ള വെള്ള മാർബിൾ തറയിലാണ് താജ്മഹൽ സ്ഥിതി ചെയ്യുന്നത്. താജ്മഹലിന്റെ നാല് മൂലയ്ക്കും നാൽപത് മീറ്റർ ഉയരമുള്ള നാല് മിനാരങ്ങളുണ്ട്. താജ്മഹലിന്റെ നിർമ്മാണ വൈദഗ്ധ്യം പറഞ്ഞറിയിക്കാൻ ആവില്ല.
താജ്മഹലിനുള്ളിലാണ് ഷാജഹാന്റെയും അദ്ദേഹത്തിന്റെ പ്രിയതമ മുംതാസ് മഹലിന്റെയും ഖബറിടങ്ങൾ. അവരുടെ അനശ്വര പ്രണയത്തിന് പ്രണാമമർപ്പിച്ച് അടുത്ത കാഴ്ചയിലേക്ക്...

## മഥുര (മഥുരാപുരി) ഉത്തർപ്രദേശ്
--------------------------------

ഇപ്പോഴത്തെ ഉത്തർപ്രദേശ് സംസ്ഥാനത്തിലാണ് ശ്രീകൃഷ്ണ പരമാത്മാവിന്റെ ജന്മം കൊണ്ട് ധന്യമായ മഥുര എന്ന മഥുരാപുരി.
ശ്രീരാമ സഹോദരനായ ശത്രുഘ്നനൻ ലവണാസുരനെ വധിച്ചാണ് മഥുരാ നഗരം സ്ഥാപിച്ചതെന്ന് പുരാണങ്ങൾ പറയുന്നു. വെൺനുരകളുടെ പാദസരമണിഞ്ഞ് ഗോപികമാരെ പോലെ കുണുങ്ങിയോടുന്ന യമുനാനദിയുടെ തീരത്താണ് ഈ പുണ്യ നഗരം... ഈ മോക്ഷദായക പുരിയിലാണ് സാക്ഷാൽ വെണ്ണക്കണ്ണൻ പിഞ്ചുകാലടി വച്ച് ഓടിക്കളിച്ചത്, ഈ തെരുവുകളിൽ നിന്നാണ് ശ്യാമ വർണ്ണൻ പാൽക്കുടമുടച്ചത്, ഇവിടെ നിന്നാണ് അമ്മയ്ക്ക് ഉണ്ണിവായിൽ ഈരേഴ് പതിനാലു ലോകങ്ങളും കാട്ടി കൊടുത്തത്.
ആധുനിക ഭാരത തലസ്ഥാനമായ ഡൽഹിയിൽ നിന്നും 145 കിലോ മീറ്റർ അകലെയാണ് സപ്തനഗരങ്ങളിലൊന്നായ മഥുരാപുരി.
മഥുരയിൽ ക്രൂരനായ കംസന്റെ തടവറയിലാണ് രോഹിണി നക്ഷത്രം അഷ്ടമത്തിൽ പ്രവേശിക്കുന്ന അഷ്ടമി രോഹിണിയെന്ന അപൂർവ്വ മുഹൂർത്തത്തിൽ ദേവകിയുടേയും വസുദേവരുടേയും എട്ടാമത്തെ പുത്രനായി ഭഗവാൻ ജന്മം കൊണ്ടത് . ഭഗവാന്റെ ജന്മസ്ഥലം ദർശിക്കുന്നതിലും വലിയ പുണ്യമെന്തുണ്ട്? ശ്രീ കൃഷ്ണൻ പിറവി കൊണ്ടിടത്താണ് കേശവ ദേവ് ക്ഷേത്രം. കൃഷ്ണ ജനനം ക്രിസ്തുവിനു മുമ്പ് ആറാം നൂറ്റാണ്ടിലാണെന്ന് ചരിത്ര ഗവേഷകർ തെളിയിച്ചിട്ടുണ്ട്.
മഥുരയിൽ നിന്നും പതിനൊന്ന് കിലോ മീറ്റർ മാത്രം അകലെയാണ് യമുനാ തീര വിഹാരിയായ കണ്ണന്റെ പ്രിയപ്പെട്ട വൃന്ദാവനം.
ശരത് പൂർണ്ണിമാ യാമിനിയിൽ രാസ ക്രീഡയിൽ ഗോപികമാരുടെ കാൽച്ചിലമ്പുകളും അരമണികളും നാണം മറന്ന് ചിരിച്ചത് പ്രിയ സഞ്ചാരീ ഈ വൃന്ദാവനത്തിലാണ്. ഇവിടെയാണ് ഋഷഭാനുവിന്റെ മകളായ രാധ പ്രണയാതുരയായി കണ്ണന്റെ കോലക്കുഴൽ വിളി കാതോർത്തിരുന്നത്...
ഇവിടെയാണ് ശ്രീ കൃഷ്ണ വേണുനാദം കേട്ട് പൈക്കൾ ഇളം പുല്ല് പോലും മറന്നത്... പ്രിയ യാത്രികാ.. ഈ സുന്ദരമായ കാഴ്ച്ച കാണാതെ നമ്മുടെ ജന്മം സഫലമാവുന്നതെങ്ങനെ?
മഥുരയിൽ നിന്നും 22 കിലോ മീറ്റർ അകലെയാണ് മറ്റൊരു കാഴ്ച നിങ്ങളെ കാത്തിരിക്കുന്നത്... ഗോ വർദ്ധനം .. ഇന്ദ്രകാപം പെരുമഴയായി മഥുരാപുരിക്കു മേൽ പെയ്തിറങ്ങിയപ്പോൾ തന്റെ നഗരത്തിനുമേൽ കുടയാക്കി ഭഗവാൻ ചൂടിയത് ഗോവർദ്ധന പർവ്വതത്തെയാണ്. ശ്രീ കൃഷ്ണനും ബലരാമനും സുധാമാവ് എന്ന കുചേലനും വിദ്യാഭ്യാസം ചെയ്ത സാന്ദീപിനിയുടെ ഗുരുകുലവും ഗോകുലവുമെല്ലാം കണ്ണും മനസും നിറച്ച് കാണുമ്പോൾ കരളകത്തെവിടെയോ ഒരു കളമുരളീരമുയർന്നു വരും, അത് മുളയെ ചുംബിച്ച് മുരളിയായ് മാറ്റുന്ന മുരഹരി ഓരോ തീർത്ഥാടകന്റെയും കരളകത്തു നിന്നും പാടുന്നതാണ്.

## ഡൽഹി അഥവാ ഇന്ദ്രപ്രസ്ഥം

ഇന്ത്യയുടെ തലസ്ഥാന നഗരിയെന്ന ഖ്യാതിക്കപ്പുറത്ത് ചരിത്രമുറങ്ങുന്ന നഗരമാണ് ദില്ലി. ചരിത്രമിവിടെ ഘനീഭവിച്ചത് പോലെ തോന്നും. പരിഷ്കാരത്തിന്റെ പായ്യാരങ്ങൾക്കിടയിലും പ്രാചീനതയുടെ ഗന്ധം ഉള്ളിൽ സൂക്ഷിക്കുന്നുണ്ട് ഡൽഹി.
ഇന്ദ്രപ്രസ്ഥം എന്നായിരുന്നു ഈ ഇടത്തിന് പുരാതന നാമം.
നെടുകയും കുറുകയും വാഹനങ്ങൾ ചീറിപ്പാഞ്ഞു പോകുന്ന ഭരണ സിരാകേന്ദ്രം മാത്രമല്ല ഡൽഹി. പഞ്ചപാണ്ഡവന്മാരും അശോക ചക്രവർത്തിയും പിൻഗാമിമാരും ലോധിമാരും മുഗളന്മാരും ഒടുവിൽ ബ്രിട്ടീഷുകാരും ഡൽഹിയെ പ്രണയിക്കുകയും പരിണയിക്കുകയും ചെയ്തവരാണ്. ആധുനിക ചരിത്രത്തിൽ മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനമാണ് ഡൽഹിയെങ്കിൽ പുരാണത്തിലിത് പഞ്ചപാണ്ഡവന്മാരുടെ രാജധാനിയായിരുന്നു.
വാക്കു കൊണ്ടോ പ്രവൃത്തി കൊണ്ടോ ധർമ്മം തെറ്റിക്കാത്ത യുധിഷ്ഠിരൻ എന്ന ധർമ്മപുത്രനും കായബലം കൊണ്ട് അതികായനും മനസ്സുകൊണ്ട് നിഷ്കളങ്കനുമായ ഭീമസേനനും വില്ലാളി വീരനായ അർജുനനും നകുല സഹദേവൻമാരും പാർത്തത് ഇവിടെയാണ്. ഈ പ്രദേശമാണ് യുധിഷ്ഠിരൻ ചൂതുകളിയിൽ കൗരവർക്ക് പണയം വെച്ചത്.
ആധുനിക ഡൽഹിയുടെ ചരിത്രമാരംഭിക്കുന്നത് ഖുത്തുബ്ദീൻ ഐബക് (1206-1526) ഈ നഗരം പിടിച്ചടക്കി ഡൽഹി സുൽത്താനേറ്റ് സ്ഥാപിച്ചതോടെയാണ്. പതിനാറാം നൂറ്റാണ്ടിൽ മുഗളന്മാർ ഡൽഹിയിൽ അധീശത്വം സ്ഥാപിക്കുന്നത് വരെ അടിമ, ഖിൽജി, തുഗ്ലക്ക്, സയ്യിദ്, ലോദി എന്നീ അഞ്ച് രാജവംശങ്ങളായിരുന്നു ദില്ലിയുടെ ഭാഗധേയം നിർണ്ണയിച്ചിരുന്നത്. കാലചക്രം ആർക്കും തടുത്തുനിർത്താനോ നിയന്ത്രിക്കാനോ ആവാത്ത അതിന്റേതായ വേഗതയിൽ കറങ്ങിക്കൊണ്ടേയിരിക്കുന്നു. എല്ലാം കണ്ടും കേട്ടും ചരിത്രത്തിലെ ഉയർച്ച താഴ്ചകൾക്കെല്ലാം നിശബ്ദ സാക്ഷിയായി യമുനാ നദി ഒഴുകിക്കൊണ്ടേയിരിക്കുന്നു.
ഇനി ഡൽഹി കാഴ്ചകൾ

## രാജ്ഘട്ട്

യമുനാ തീരത്തെ രാജ്ഘട്ടിലെത്തുമ്പോൾ കറുത്ത മാർബിളിൽ പണിതീർത്ത സ്മൃതി കുടീരം കാണുമ്പോൾ മിഴികൾ അറിയാതെ സജലങ്ങളാകുന്നുവോ...
“ഹേ റാം” എന്ന് ആലേഖനം ചെയ്ത കറുത്ത മാർബിൾ കുടീരം, അതിനുമുന്നിൽ കെടാതെ കത്തുന്ന ദീപം, പ്രാർത്ഥനാ നിരതരായ സന്ദർശകർ, പ്രാർത്ഥനകൾക്ക് വിഘ്നമുണ്ടാക്കാതെ പാദസരമഴിച്ച് വെച്ച് പതിയെ ഒഴുകുന്ന യമുനാ നദി...
ഇത് രാജ്ഘട്ടാണ്....
അർദ്ധ നഗ്നനായ ഫക്കീർ എന്നുവിളിക്കപ്പെട്ട, കുഞ്ഞിനെ പോലെ ചിരിക്കാനറിയുമായിരുന്ന നിഷ്കളങ്കതയുടെ ആൾരൂപം... അതായിരുന്നു മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്ന മഹാത്മജി. അദ്ദേഹത്തിന്റെ അന്ത്യകർമ്മങ്ങൾ നടത്തിയത് ഇവിടെ വെച്ചാണ്....
രാജ്ഘട്ടിലെ കെടാവിളക്ക് പോലെ ഓരോ ഭാരതീയന്റെ മനസിലുമുണ്ട് ദീപ്തമായ ഗാന്ധി സ്മരണ!
ഒരിക്കലും കെടാതെ.........

## രാഷ്ട്രപതി ഭവൻ അഥവാ വൈസ്റോയ്ഡ് ഹൗസ്

ഡൽഹിയുടെ അഭിമാന സൗധമാണ് രാഷ്ട്രപതി ഭവൻ. 340 മുറികളുള്ള ഈ കെട്ടിടമാണ് ഇന്ത്യൻ പ്രസിഡന്റ് എന്ന ഭാരത പ്രഥമ പൗരന്റെ ഔദ്യോഗിക വസതി. മറ്റ് ഏത് രാജ്യത്തുള്ള ഭരണാധികാരികളുടെ ഔദ്യോദിക വസതിയേക്കാൾ വലുതാണ് രാഷ്ട്രപതി ഭവൻ.
1950 വരെ ഈ മഹാസൗധം വൈസ്റോയ്സ് ഹൗസ് (വൈസ്റോയിയുടെ ഭവനം) എന്നാണറിയപ്പെട്ടിരുന്നത്. ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്നപ്പോൾ ബ്രിട്ടന്റെ പ്രതിനിധിയായി ഇന്ത്യ ഭരിച്ച ഭരണാധികാരിക്ക് വൈസ്രോയ് എന്നായിരുന്നു സ്ഥാനപ്പേര്. ഇന്ത്യയിലെ

ബ്രിട്ടീഷ് പ്രതിപുരുഷന് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ സാമ്പത്തിക ധാരാളിത്തത്തിന് യോജിച്ച ഭരണ മന്ദിരം വേണമെന്ന ആഗ്രഹമാണ് ഈ മഹാസൗധ നിർമ്മിതിക്ക് പിന്നിൽ. ബ്രിട്ടീഷ് എഞ്ചിനീയറായ ല്യൂട്യൻസാണ് ഈ ഭവനം രൂപകൽപന ചെയ്തത്. രാഷ്ട്രപതി ഭവനിലെ (വൈസ്റോയ്സ് ഹൗസിലെ) ഉദ്യാനവും രൂപകൽപന ചെയ്തത് ല്യൂട്യൻസ് തന്നെ. ലോകത്തിലെ പല ജലധാരകളിൽ നിന്നും പൂന്തോട്ടങ്ങളിൽ നിന്നുമൊക്കെ പ്രചോദനം ഉൾക്കൊണ്ടാണ് ല്യൂട്യൻസ് ഈ ഉദ്യാനം സ്ഥാപിച്ചത്. ജലധാരാ യന്ത്രങ്ങൾ, കനാലുകൾ, വൃത്താകൃതിയിൽ നിർമ്മിക്കപ്പെട്ട ജലാശയം, നടപ്പാതകൾ, സ്വദേശിയും വിദേശിയുമായ അലങ്കാര ചെടികളും പൂച്ചെടികളുമൊക്കെ ഇതിന്റെ ഭാഗമായിരുന്നു.

630 അടി വീതിയും കിഴക്കു നിന്ന് പടിഞ്ഞാറോട്ട് 530 അടി നീളവും 2/3 മൈൽ ചുറ്റളവിൽ അടിത്തറയും ഉള്ളതാണ് ഈ രാജകീയ സൗധം. നിർമ്മാണം പൂർത്തിയായപ്പോൾ ഏകദേശം രണ്ടുലക്ഷം ചതുരശ്ര അടി (സ്ക്വയർ ഫീറ്റ്) വിസ്തീർണ്ണമുണ്ടായിരുന്നു അതിന്.

പാശ്ചാത്യ-പൗരസ്ത്യ മാതൃകകൾ സമന്വയിപ്പിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പകിട്ട് കാണിക്കാൻ നിർമ്മിക്കപ്പെട്ട ഈ രാജകീയ ഭവനത്തിന്റെ വെട്ടിത്തിളങ്ങുന്ന ഡർബാർ ഹാളിലിരുന്ന് ഭരണം നിയന്ത്രിക്കാനും അലങ്കാര വിളക്കുകൾ ചേതോഹരമാക്കിയ കിടപ്പുമുറിയിലെ കൂറ്റൻ കട്ടിലിൽ സുഖലോലുപതയോടെ അന്തിയുറങ്ങാനും ബ്രിട്ടീഷുകാർക്ക് കഴിഞ്ഞത് കേവലം പതിനാറ് വർഷം മാത്രമാണ്. അപ്പോഴേക്കും കൊട്ടാര ഗോപുരത്തിൽ പാറികളിച്ചിരുന്ന യൂണിയൻ ജാക്കിന്റെ സ്ഥാനം ത്രിവർണ്ണ പതാക കയ്യടക്കിയിരുന്നു. 1931 ജനുവരി 23 ന് ഇർവിൻ പ്രഭുവാണ് ഇവിടെ താമസം തുടങ്ങിയത്.

### സംസദ് ഭവൻ എന്ന പാർലിമെന്റ് മന്ദിരം

റോമൻ മാതൃകയിൽ പണികഴിപ്പിച്ച ഈ കെട്ടിടമാണ് ഭാരതത്തിന്റെ നിയമ നിർമ്മാണത്തെ നിയന്ത്രിക്കുന്നത്. ഈ മന്ദിരത്തിന് 500 അടി വ്യാസവും 144 തൂണുകളുമുണ്ട്. ബ്രിട്ടീഷ് രാജ്ഞിയായ ക്യൂൻ വിക്ടോറിയയുടെ മൂന്നാമത്തെ പുത്രൻ ആർതൻ ആണ് 1921 ഫെബ്രുവരി 12-ാം തീയതി ഈ മന്ദിരത്തിന്റെ തറക്കല്ലിട്ടത്. രാജസ്ഥാനിൽ നിന്നുള്ള ചുവന്ന മണൽപ്പാറ (ഞലറ ടമിറ ടീില) കൊണ്ടാണ് കെട്ടിട നിർമ്മാണം നടത്തിയത്.

1927 ജനുവരി 18-ാം തീയതി അന്നത്തെ ഗവർണ്ണർ ജനറൽ ആയിരുന്ന ലോഡ് ഇർവിൻ ഉദ്ഘാടനം ചെയ്തു. ഭീകരവാദം കൂണുപോലെ മുളച്ചുപൊന്തുന്ന ഇക്കാലത്ത് രാജ്യസുരക്ഷയുടെ ഭാഗമായി സാധാരണ പൊതുജനങ്ങൾക്ക് ഇവിടെ പ്രവേശനം നിഷിദ്ധമാണ്.

### തീൻമൂർത്തീ ഭവൻ

സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ശ്രീ. ജവഹർലാൽ നെഹ്റു 1964 മെയ് മാസം 27-ാം തീയതി വരെ താമസിച്ചിരുന്നത് തീൻമൂർത്തി ഭവൻ എന്ന ഈ കെട്ടിടത്തിലാണ്. ഇവിടെ വെച്ച് തന്നെയാണ് ആ ഭാരതപുത്രൻ ജന്മഭൂമിയോട് എന്നെന്നേക്കും യാത്ര പറഞ്ഞതും. ഇന്ത്യയുടെ തലസ്ഥാനം ഡൽഹിയിലേക്ക് മാറ്റിയപ്പോൾ സേനാപതിക്ക് താമസിക്കുവാനായി വൈസ്റോയ്സ് ഹൗസിന്റെ (ഇന്നത്തെ രാജ്ഭവൻ) തെക്ക് ഭാഗത്ത് ഫ്ളാഗ് സ്റ്റാഫ് ഹൗസ് എന്ന പേരിൽ 1950 ൽ പണികഴിപ്പിച്ചതാണ് ഈ കെട്ടിടം. ബ്രിട്ടീഷ് വാസ്തു ശാസ്ത്ര വിദഗ്ധൻ റോബർട്ട് ടോർ റസ്സലാണ് ഈ കെട്ടിടം രൂപകൽപന ചെയ്തത്.

ഒന്നാം ലോക മഹായുദ്ധ കാലത്ത് വീരമൃത്യു വരിച്ച പട്ടാളക്കാരുടെ സ്മരണയ്ക്ക് ഈ കെട്ടിടത്തിന് മുന്നിൽ മൂന്ന് യോദ്ധാക്കളുടെ പ്രതിമ സ്ഥാപിച്ചിരുന്നു. അങ്ങനെയാണ് ഈ സൗധത്തിന് തീൻമൂർത്തി ഭവൻ എന്ന പേര് വന്നത്.

നെഹ്റുവിന്റെ ദേഹവിയോഗത്തിന് ശേഷം അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കായി ഇവിടെ ഒരു മ്യൂസിയവും ലൈബ്രറിയും സ്ഥാപിക്കപ്പെട്ടു. നെഹ്റുവിന് ലഭിച്ച സമ്മാനങ്ങളും അദ്ദേഹം ഉപയോഗിച്ച സാധനങ്ങളും ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ പ്ലാനറ്റേറിയവും തീൻമൂർത്തി ഭവനിലാണ്.

### ശാന്തിവൻ

ജവഹർലാൽ നെഹ്റു എന്ന ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രി അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടെയാണ്. യമുനാ നദിയുടെ തീരത്തുള്ള ശാന്തി വനത്തിൽ ധാരാളം വൃക്ഷങ്ങളും പൂച്ചെടികളും നട്ടു പിടിപ്പിച്ചിട്ടുണ്ട്. കുട്ടികളെയും പനിനീർ പൂവുകളെയും ഏറെ സ്നേഹിച്ചിരുന്നു കുട്ടികളുടെ പ്രിയപ്പെട്ട ചാച്ചാജിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. നെഹ്റു യാത്രകളെ വല്ലാതെ സ്നേഹിച്ചിരുന്നു. യാത്രകളാണ് ഒരു മനുഷ്യനെ വാർത്തെടുക്കുന്നത് എന്നദ്ദേഹം ഗാഢമായി തന്നെ വിശ്വസിച്ചു.

ജവഹർലാൽ നെഹ്റു അവസാനമായി തന്റെ ഡയറി താളിൽ കുറിച്ചിട്ടത് പ്രശസ്ത ആംഗലേയ കവിയായ റോബർട്ട് ഫ്രോസ്റ്റിന്റെ വിഖ്യാതമായ വരികളാണ്......

Woods are lovely
dark and deep
I have promises to keep
But miles to go
before sleep...
miles to go
before sleep.

പാദുകമൂരിവെച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്ന മഹാ മനീഷിയുടെ സ്മരണയ്ക്ക് മുന്നിൽ നമുക്കും ശ്രദ്ധാഞ്ജലി അർപ്പിക്കാം.

### താമര ക്ഷേത്രം (Lotus Temple)

താമര ക്ഷേത്രം ഒരു ബഹായീ ക്ഷേത്രമാണ്. പത്തൊൻപതാം നൂറ്റാണ്ടിൽ പേർഷ്യയിൽ ജീവിച്ചിരുന്ന ബഹാവുള്ളയാണ് ഏക ദൈവ വിശ്വാസത്തിൽ അധിഷ്ടിതമായ ബഹായി സമ്പ്രദായത്തിന്റെ സ്ഥാപകൻ. ഇരുനൂറ് രാജ്യങ്ങളിലായി അറുപത് ലക്ഷത്തോളം ആൾക്കാർ ഈ സമ്പ്രദായത്തിൽ വിശ്വസിക്കുന്നു. ഡൽഹിയിലെ താമര ക്ഷേത്രമെന്ന ബഹായി ക്ഷേത്രം 5.9 കോടി രൂപ ചിലവിൽ വെള്ള മാർബിളിൽ നമ്മുടെ ദേശീയ പുഷ്പമായ താമരയുടെ ആകൃതിയിൽ നിർമ്മിച്ചതാണ്. ഏത് ജാതി മതസ്ഥർക്കും ഇവിടെ പ്രവേശിച്ച് പ്രാർത്ഥിക്കാനുള്ള അവകാശമുണ്ട്.

---

### കുത്തബ് മിനാർ:-

കുത്തുബ്ദീൻ ഐബക് (ഝൗയേൗററശി അശയമസ) ആണ് കുത്തബ് മിനാറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിവെച്ചത്. തന്റെയും തന്റെ സാമ്രാജ്യത്തിന്റെയും യശസ് കൽപാന്ത കാലത്തോളം തലയുയർത്തി നിൽക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരിക്കാം. കുത്തുബ്ദീൻ ഐബക് ശിലാസ്ഥാപനം നടത്തിയ ഈ മഹാ ശിലാഗോപുരത്തിന്റെ പണി പൂർത്തിയാക്കിയത് അദ്ദേഹത്തിന്റെ പുത്രൻ ഷംസുദ്ദീൻ-ഇൽ-തുമിഷ് ആണ്. 1199 ൽ ആരംഭിച്ച മിനാറിന്റെ നിർമ്മാണം പൂർത്തിയായത് 1209 ലാണ്.

രാജവംശത്തിന്റെ യശസുയർത്തുവാനുള്ള വൻ ഗോപുര നിർമ്മാണത്തിൽ ചരിത്ര പുസ്തകത്തിൽ പേരില്ലാത്ത എത്ര പേർ ജീവത്യാഗം ചെയ്തിരിക്കും...

പ്രിയ യാത്രികരേ.... പുസ്തകത്താളുകളിൽ നിന്നും നിഷ്കാസിതരായ അവരുടെ ആത്മാവിന് വേണ്ടിയും പ്രാർത്ഥിച്ചേക്കുക.

ഇന്ത്യയിലെ ഏറ്റവും വലി ശിലാ ഗോപുരമാണ് കുത്തബ് മിനാർ. 72.5 മീറ്ററാണ് ഇതിന്റെ ഉയരം. കുത്തബ് മിനാറിന് അഞ്ചു നിലകളാണുള്ളത്. ആദ്യത്തെ മൂന്നു നിലകൾ റെഡ് സാന്റ് സ്റ്റോൺ കൊണ്ടും ശേഷിക്കുന്ന രണ്ടു നിലകൾ വെള്ള മാർബിൾ കൊണ്ടുമാണ് തീർത്തിരിക്കുന്നത്. ആദ്യ നിലയ്ക്ക് 134 അടി ഉയരമുണ്ട്.

കുത്തബ് മിനാറിന് അൽപം ചെരിവുള്ളതായി സാങ്കേതിക വിദഗ്ധർ സ്ഥിതീകരിച്ചിട്ടുണ്ട്. മിനാറിന്റെ അടിഭാഗത്തിന് 50 അടി വ്യാസമുണ്ടെങ്കിലും മുകൾ നിലയിലെത്തുമ്പോൾ അത് എട്ടടിയായി ചുരുങ്ങുന്നു. എന്തായാലും ഈ മഹാഗോപുര ശിൽപിയായ എഞ്ചിനീയറെ പ്രണമിക്കാതെ വയ്യ!

### ഇൻഡ്യാ ഗേറ്റ്

139 അടി ഉയരത്തിൽ ബ്രിട്ടീഷ് വാസ്തു ശിൽപ വിദഗ്ധനായ ല്യൂട്ടൻസ് പണിത ആൾ ഇന്ത്യാ വാർ മെമ്മോറിയൽ ആർച്ചാണ് ഇന്ന് ഇന്ത്യാ ഗേറ്റ് എന്ന് അറിയപ്പെടുന്നത്.

1921 ഫെബ്രുവരി മാസത്തിൽ കൊണാട്ട് പ്രഭു തറക്കല്ലിട്ട ഈ സ്മാരക കമാനത്തിന്റെ നിർമ്മാണം 1931 ൽ പൂർത്തിയായി. ഈ സ്മാരകം ഒന്നാംലോക മഹായുദ്ധത്തിൽ വിദേശങ്ങളിൽ അടരാടി മരിച്ച അറുപതിനായിരം ഇന്ത്യൻ പട്ടാളക്കാരുടെ സ്മരണ നെഞ്ചേറ്റുന്നു. അറുപതിനായിരം സിംഹക്കുട്ടികളെയാണ് ഭാരതമാതാവിന് ഒന്നാംലോക മഹായുദ്ധം നഷ്ടപ്പെടുത്തിയത്.

1919 ൽ മൂന്നാം അഫ്ഗാൻ യുദ്ധത്തിൽ വീരമൃത്യു വരിച്ച 13,516 ബ്രിട്ടീഷ്-ഇന്ത്യൻ പട്ടാള ഓഫീസർമാരുടെ പേരുകൾ ഈ കമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കമാനത്തിലെഴുതി വെക്കപ്പെട്ട പേരുകൾ മാഞ്ഞ് പോയാലും കാലത്തിന്റെ ചുവരിൽ ആ പേരുകളെല്ലാം മായാതെ എഴുതപ്പെട്ടിട്ടുണ്ടല്ലോ! കടമ, അച്ചടക്കം, ഐക്യം, സാഹോദര്യം, കൂറ്, സേവനം, ത്യാഗം എന്നീ ഗുണവികാരങ്ങളെ പ്രതിനിധീകരിക്കുന്ന സ്മാരക കമാനത്തിനരികെ നിന്ന് നമുക്കും വീര ചരമമടഞ്ഞ ധീരന്മാരുടെ ആത്മാവിനായി പ്രാർത്ഥിക്കാം....

### റെഡ് ഫോർട്ട് എന്ന ചെങ്കോട്ട

റെഡ് സാന്റ് സ്റ്റോൺ എന്നറിയപ്പെടുന്ന ഒരിനം ചെങ്കല്ലുകൊണ്ട് പണിത റെഡ് ഫോർട്ട് എന്ന ചെങ്കോട്ട. ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷ വേളയിൽ ഭാരതത്തിന്റെ ത്രിവർണ്ണ പതാക പാറിക്കളിക്കുക ഈ ചുവന്ന മഹാ സൗധത്തിലാണ്. റെഡ് ഫോർട്ടിന്റെ കോട്ട വാതിൽ തുറക്കുന്നത് ചരിത്രത്തിലേക്കാണ്. ഉന്നതരുടെ ഉയർച്ചയും താഴ്ചയും പുഞ്ചിരിയും കണ്ണീരും കൽപനയും യാചനയുമെല്ലാം നിശബ്ദരായി കണ്ടു നിന്നവരാണ് ഈ കൽഭിത്തികൾ.
റെഡ് ഫോർട്ട് ചരിതമാരംഭിക്കുന്നത് മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാനിൽ നിന്നാണ്. പ്രണയിനിക്കായി താജ്മഹൽ അതേ ഷാജഹാനിൽ നിന്ന്.  1638 ലാണ് ഷാജഹാൻ പശ്ചിമേഷ്യയുടേയും വടക്കുകിഴക്കൻ ഏഷ്യയുടെയും നാൽക്കവലയായ ഡൽഹിയിൽ കോട്ട നിർമ്മാണം ആരംഭിച്ചത്. പത്തുവർഷം ഒരുപാട് അടിമകൾ അവിശ്രമം അധ്വാനിച്ചിട്ടാണ് കോട്ട നിർമ്മാണം പൂർത്തിയാക്കിയത്.
ചുവന്ന കല്ലുകൾ കൊണ്ട് നിർമ്മിച്ച ഈ കോട്ടയ്ക്ക് ആകൃതിയിൽ ആഗ്രാ കോട്ടയോട് സാമ്യമുണ്ടെങ്കിലും വലിപ്പത്തിൽ ചെങ്കോട്ട തന്നെയാണ് മുന്നിൽ. യമുനാ തീരത്തുള്ള കോട്ട ഭിത്തികൾക്ക് 18 മീറ്ററും റോഡ് അരികിലുള്ള ഭിത്തിക്ക് 33 മീറ്ററും ഉയരമുണ്ട്. കോട്ടയുടെ മുഖ്യ കവാടം പടിഞ്ഞാറ് ലാഹോറിന് അഭിമുഖമായാണ്.
കോട്ടയുടെ കഥ അവിടെ തീരുന്നില്ല. ചെങ്കോട്ടയുടെ പണി തീർന്ന് പത്ത് വർഷത്തിന് ശേഷം കോട്ട നിർമ്മിച്ച ഷാജഹാനെന്ന രാജശിൽപി നിസ്സഹായനായ തടവുകാരനായി, അദ്ദേഹത്തെ തടവിലാക്കിയത് സ്വന്തം പുത്രനായ ഔറംഗസീബായിരുന്നു. ഷാജഹാൻ തന്നെ നിർമ്മിച്ച ആഗ്രാ കോട്ടയായിരുന്നു ഷാജഹാൻ ചക്രവർത്തിയുടെ തടവറ.
ചെങ്കോട്ടയ്ക്കുള്ളിൽ മീനാബസാർ, ദിവാനിഘാസ്, ദിവാനി ആം, രാജകീയ വനിതകൾക്കുള്ള ഹാരം എന്നിവയെല്ലാം ഉണ്ടായിരുന്നു.
പൊതുജനങ്ങളുടെ പരാതി കേൾക്കാൻ ഷാജഹാൻ ഉപവിഷ്ടനായിരുന്ന അമൂല്യ രത്നങ്ങൾ പതിച്ച സുവർണ്ണ സിംഹാസനം 1739 ൽ നാദിർഷാ ഇറാനിൽ നിന്ന് വന്ന് കൊള്ളയടിച്ച് കൊണ്ടുപോയി. ഈ ചെങ്കോട്ടയിൽ നിൽക്കുമ്പോൾ ഒരു നേർത്ത തേങ്ങൽ കേൾക്കുന്നുവോ? എങ്കിലത് നിസ്സഹായനായ ഒരു പിതാവിന്റേതാവും. സ്വന്തം മകനാൽ തടവറയിലാക്കപ്പെട്ട പാവം ഷാജഹാൻ എന്ന പിതാവിന്റെ....

## Kilo Meeter And Timing Chart

| From | Destination | KM | Running Time |
|---|---|---|---|
| Cochin | Allahabad | 1823 | 51 hrs |
| Allahabad | Local sight seeing | 50 | |
| Allahabad | Varansi | 125 | 2.30 |
| Varanasi | Local sight seeing | 100 | |
| Varanasi | Gaya-budhagaya | 260 | 5 hrs |
| Gaya-budhagaya | Local sight seeing | 100 | |
| Gaya-budhagaya | Delhi by train | 990 | 15 hrs |
| Delhi | haridwar | 215 | 5 hrs |
| haridwar | Local sight seeing | 100 | |
| haridwar | rishikesh | 20 | 40 mnts |
| rishikesh | Local sight seeing | 50 | |
| rishikesh | Haridwar | 20 | 40 mnts |
| Haridwar | Delhi | 215 | 5 hrs |
| Delhi | Agra | 210 | 3.30 hrs |
| Agra | Delhi | 210 | 3.30 hrs |
| Delhi | Local sight seeing | 150 | |
| Delhi | Cochin | 2100 | 24 hrs |
| | | | |
| Total:- | | **6738** | |